SS 1101 **Set A**

# ഒന്നാം പാദവാർഷിക മൂല്യനിർണ്ണയം - 2017

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : X

സമയം : $2^1/_2$ മണിക്കൂർ

ആകെ സ്കോർ : 80

---

**പൊതുനിർദ്ദേശങ്ങൾ**

1. ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കണം.
2. ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, ഓരോ വിഭാഗത്തിലും എഴുതേണ്ടുന്ന ചോദ്യങ്ങളുടെ എണ്ണം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയാണ്. ഓരോന്നിനും 1 സ്കോർ വീതം.** 1 x 3 = 3

1. ആൽപ്സ് പർവ്വതനിരയുടെ തെക്കൻ താഴ്‌വരയിലേക്ക് വീശുന്ന കാറ്റ് ഏതെന്ന് തിരിച്ചറിഞ്ഞെഴുതുക.

   (ചിനൂക്ക്, ഫൊൻ, ഹർമാറ്റൻ, കാൽബൈശാഖി)

2. ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിൽ നടപ്പിലാക്കിയ നികുതി സമ്പ്രദായം ഏതു പേരിലാണ് അറിയപ്പെടുന്നത്?

3. എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്ന നിയമത്തിന്റെ പേരെഴുതുക.

**4 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 4 എണ്ണത്തിന്* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും രണ്ടു സ്കോർ വീതം.** 2 x 4 = 8

4. ശാശ്വതഭൂനികുതി വ്യവസ്ഥയും റയട്ടുവാരി സമ്പ്രദായവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളേവ?

5. പൊതുഭരണത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

6. ഇന്ത്യയിൽ ബുധനാഴ്ച രാവിലെ 10 മണി ആയിരിക്കുമ്പോൾ ഗ്രീനിച്ച് സമയം എത്രയായിരിക്കും?

7. ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏവ?

8. ലോകജനസംഖ്യാദിനമായി ആചരിക്കുന്നത് ഏത് തീയതിയാണ്? ആ ദിവസം നിങ്ങളുടെ സ്കൂളിൽ നടപ്പിലാക്കിയ ഏതെങ്കിലുമൊരു ദിനാചരണ പ്രവർത്തനത്തെക്കുറിച്ച് ഒരു ലഘുകുറിപ്പെഴുതുക.

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 6 എണ്ണത്തിന്* ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** $3 \times 6 = 18$

9. സോവിയറ്റ് യൂണിയനിൽ ഒക്ടോബർ വിപ്ലവത്തിനു ശേഷം ലെനിൻ അദ്ധ്യക്ഷനായ കാബിനറ്റ് സ്വീകരിച്ച നടപടികളേവ?

10. മെർക്കന്റലിസത്തിന്റെ ഭാഗമായി നിരവധി നിയമങ്ങൾ ഇംഗ്ലീഷുകാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കി. അവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

11. ചേരിചേരാപ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുക. സമകാലിക ലോകത്ത് ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

12. സമയനിർണ്ണയത്തിൽ ഗ്രീനിച്ച് രേഖ, അന്താരാഷ്ട്ര ദിനാങ്കരേഖ എന്നീ രേഖാംശ രേഖകളുടെ പ്രാധാന്യം വിശദമാക്കുക.

13. മൺസൂണിന്റെ രൂപം കൊള്ളലിന് കാരണമാകുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങൾ രേഖപ്പെടുത്തുക.

14. ജനസംഖ്യാപഠനം സർക്കാരുകളെ എങ്ങനെയെല്ലാം സഹായിക്കുന്നു?

15. പട്ടിക പൂർത്തിയാക്കുക.

| ത്രികക്ഷിസഖ്യം | ത്രികക്ഷിസൗഹാർദ്ദം |
|---|---|
| • (a) ................... | • ഇംഗ്ലണ്ട് |
| • ആസ്ട്രിയ - ഹംഗറി | • (c) ................... |
| • (b) ................... | • റഷ്യ |

**16 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 6 എണ്ണത്തിന്* ഉത്തരമെഴുതിയാൽ മതി. ഓരോന്നിനും 4 സ്കോർ വീതം.** $4 \times 6 = 24$

16. രണ്ടാം ലോകമഹായുദ്ധം ബാക്കിവച്ച ദൂരവ്യാപകമായ ഫലങ്ങളേവ?

17. ഇന്ത്യയിലെ നീലം കർഷകരുടെ ദുരിതത്തിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുക.

18. ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രവർത്തനങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

19. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

20. ദക്ഷിണാർധഗോളത്തിൽ അനുഭവപ്പെടുന്ന ഋതുക്കളാണ് പട്ടികയിൽ. ഈ കാലങ്ങളിൽ ഉത്തരാർധഗോളത്തിലെ ഋതുക്കൾ ഏതെല്ലാമെന്ന് എഴുതുക.

| മാസങ്ങൾ | ഋതുക്കൾ |
|---|---|
| 1. ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ഉഷ്ണകാലം |
| 2. മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഹേമന്തകാലം |
| 3. ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ശൈത്യകാലം |
| 4. സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | വസന്തകാലം |

21. വ്യത്യാസമെഴുതുക:

- കരക്കാറ്റ്
- കടൽക്കാറ്റ്

22. 'എ' കോളത്തിനനുയോജ്യമായി 'ബി' കോളം ക്രമീകരിക്കുക.

| എ | ബി |
|---|---|
| അമേരിക്കൻ സ്വാതന്ത്ര്യസമരം | ജവഹർലാൽ നെഹ്രു |
| ചേരിചേരാ പ്രസ്ഥാനം | യാസർ അറഫാത്ത് |
| ചോർച്ചാ സിദ്ധാന്തം | ജോർജ്ജ് വാഷിംഗ്ടൺ |
| പാലസ്തീൻ വിമോചനസംഘടന | ദാദാഭായ് നവ്റോജി |

**23 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ *ഏതെങ്കിലും 3 എണ്ണത്തിന്* ഉത്തരമെഴുതിയാൽ. ഓരോന്നിനും 5 സ്കോർ വീതം.** 5 x 3 = 15

23. 1857 ലെ വിപ്ലവത്തിന്റെ പ്രധാന കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

24. സൂര്യന്റെ അയനവും അതിന്റെ ഫലമായുണ്ടാകുന്ന വിവിധ ഋതുക്കളും ഒരു ചാക്രികമായ പ്രതിഭാസമാണ്. പ്രസ്താവന സാധൂകരിക്കുക.

25. ആഗോളമർദ്ദ മേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളായ വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ എന്നിവയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

26. 'മാനവവിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക്' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.